" ഭരണഭാഷ .... മാതൃഭാഷ "

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
## (ഹാജർ: പ്രേംകുമാർ വി. ആർ. IAS)

തിരുവനന്തപുരം

ഉത്തരവ് നം: C1-3288/19

തീയതി : 12/08/2019

---

വിഷയം: സാമൂഹ്യനീതി ഡയറക്ടറേറ്റ് – 'നേർവഴി' പദ്ധതി മൂന്നാം ഘട്ടം – ദ്വിദിന പരിശീലന പരിപാടി – ജീവനക്കാരെ നിയോഗിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) സ.ഉ.(സാധാ)നം.306/2019/സാ.നീ.വ തീയതി 31/05/2019

(2) സാമൂഹ്യനീതി ഡയറക്ടറുടെ 30/07/2019 ലെ മേൽ നമ്പർ ഉത്തരവ്

(3) സാമൂഹ്യനീതി ഡയറക്ടറുടെ 08/08/2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

പ്രൊബേഷൻ & ആഫ്റ്റർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന 'നേർവഴി' പദ്ധതി മൂന്നാംഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട്, പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഓഫീസർമാർക്കും പ്രൊബേഷൻ അസ്സിസ്റ്റന്റ്മാർക്കും 2019 ആഗസ്റ്റ് 13, 14 ദിവസങ്ങളിലായി 2 ദിവസത്തെ പരിശീലനം നൽകുന്നതിന് പരാമർശം ഉത്തരവുകൾ പ്രകാരം അനുമതി ആയിരുന്നു. എന്നാൽ മഴക്കെടുതി മൂലം പ്രസ്തുത ട്രെയിനിംഗ് മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2019 ആഗസ്റ്റ് 20, 21 തീയതികളിൽ എറണാകുളം ജില്ലയിലെ കാലടിയിലുള്ള സമീക്ഷാ ട്രെയിനിംഗ് സെൻററിൽ വെച്ച് മേൽ പരിശീലനപരിപാടി നടത്തുന്നതാണ്. ടി പരിശീലന പരിപാടിയിലേയ്ക്ക് വകുപ്പിലെ എല്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഓഫീസർമാരെയും പ്രൊബേഷൻ അസ്സിസ്റ്റന്റ് മാരെയും നിയോഗിച്ച് ഉത്തരവാകുന്നു.

മേൽ പരിശീലന പരിപാടിയിൽ 'നേർവഴി' പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ക്ലാസ് എടുക്കുന്നതിന് വകുപ്പിലെ ഗ്രേഡ് I പ്രൊബേഷൻ ഓഫീസർമാരായ ശ്രീ. സുബൈർ കെ. കെ., ശ്രീ. അഷറഫ് കെ. റ്റി., ശ്രീ. ഗോപകുമാർ, ശ്രീ. അബീൻ എന്നിവരെയും കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ നിന്നും പരിപാടിയിൽ പങ്കെടുക്കുന്നതിനായി ജൂനിയർ സൂപ്രണ്ട് ശ്രീമതി. ശ്രീജ ചന്ദ്രൻ, IT സെൽ കണ്ടന്റ് ഡെവലപ്പർ ശ്രീ. രഞ്ജിത്ത് ആർ. പി. എന്നിവരെയും നിയോഗിച്ച് ഉത്തരവാകുന്നു.

sh

മേൽ ജീവനക്കാർ 20/08/2019 രാവിലെ 9 മണിക്ക് എറണാകുളം ജില്ലയിലെ കാലടിയിലുള്ള സമീക്ഷാ ട്രെയിനിംഗ് സെൻററിൽ എത്തിച്ചേരേണ്ടതാണ്. ജീവനക്കാർക്ക് നിയമാനുസൃതമായ യാത്രാപടിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

മേൽ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഡയറക്ടറേറ്റിൽ നിന്നും നിയോഗിച്ചുള്ളവർക്ക് യാത്ര ചെയ്യുന്നതിനായി ഡയറക്ടറേറ്റിലെ കരാർ വാഹനമായ KL-19-G-4422 വാഹനം അനുവദിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ഡയറക്ടറുടെ CA
4. സ്റ്റോക്ക്ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

sh